Patron

Mar Sebastian Pozholiparamibil
Bishop of Hosur

February 2019

Chief Editor
Fr. Arun Chakkalackal
Mob. 9840386758

# Bulletin
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

## ഉള്ളടക്കം

ഇടയശബ്ദം....................................2

സർക്കുലർ......................................4

ഫ്രാൻസിസ് പാപ്പയുടെ സന്ദേശം 9

സോഷ്യൽ ആക്ഷൻ.....................11

സർക്കുലർ.....................................13

കച്ചേരികാര്യങ്ങൾ.........................18

ഇടയന്റെ ഇന്നലകൾ....................20

ഇടയന്റെ നാളകൾ........................20

## ഇടയശബ്ദം



# പ്രവാസ ജീവിതം സുവിശേഷവൽക്കരണത്തിന്

മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

ഈശോ ലോകത്തിലേക്ക് ഒരു പ്രവാസിയായി വന്നു. എ. ഡി 52 ൽ തോമാശ്ലീഹാ ഭാരതത്തിലേക്ക് ഒരു പ്രവാസിയായി വന്നു; നമ്മുടെ പൂർവ്വികരെ ഈശോയുടെ പഠനങ്ങൾ അറിയിച്ചു; അങ്ങനെ ഭാരതമണ്ണിൽ ഒരു സഭാസമൂഹം രൂപം കൊണ്ടു. അതിന്റെ പിൻതുടർച്ചക്കാരാണല്ലോ ഇന്നത്തെ നമ്മുടെ സീറോ മലബാർ സഭാ സമൂഹം. നമ്മുടെ പിതാവായ തോമാശ്ലീഹായുടെ കാൽപ്പാടുകൾ പതിഞ്ഞ ചെന്നൈ മണ്ണിൽ പ്രവാസികളായി എത്തിയിരിക്കുന്ന ഹൊസൂർ രൂപതയിലെ സമർപ്പിതർക്കും അത്മായർക്കും 500 കിലോ മീറ്ററോളം നീളം വരുന്ന ഈ രൂപതാതിർത്തിക്കുള്ളിൽ നേരിട്ടും നേരിട്ടല്ലാതെയും മറ്റുള്ളവരെ ഈശോയുടെ സുവിശേഷമറിയിക്കാനുള്ള ദൗത്യമാണ് യഥാർത്ഥത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ ഏൽപ്പിച്ചു തന്നിരിക്കുന്നത്.

സീറോ മലബാർ സഭാവിശ്വാസികളെ കണ്ടെത്തി ഇടവകകൾക്ക് രൂപം കൊടുത്ത് രൂപതയെ കെട്ടിപ്പടുക്കുക എന്നുള്ളത് നമ്മുടെ പ്രവർത്തനത്തിന്റെ ഒരു ഭാഗം മാത്രമാണ്. രണ്ടാമത്തേതും പ്രധാനപ്പെട്ടതുമായ ഭാഗമാണ് നമ്മുടെ ജീവിതസാക്ഷ്യം വഴി മറ്റുള്ളവരിലേക്ക് ഈശോയുടെ സന്ദേശം എത്തിക്കുക എന്നുള്ളത്; നേരിട്ട് ഈശോയെപ്പറ്റി പറയാൻ കഴിയുന്നിടത്തൊക്കെ നാം അതു ചെയ്യണം; അല്ലാത്ത സ്ഥലങ്ങളിൽ ബൈബിൾ സന്ദേശത്തിനൊത്ത് സാമൂഹ്യ പ്രവർത്തനങ്ങൾ ചെയ്ത് ജീവിച്ച് മറ്റുള്ളവരുടെ മുൻപിൽ നാം തന്നെ തുറന്ന ബൈബിളായി മാറി സാക്ഷ്യം നൽകണം.

വിശാലമായ രൂപതാതിർത്തിക്കുള്ളിൽ നമ്മുടെ 25 ഇടവകകളിൽ ഓരോ ഇടവകയും ഓരോ വില്ലേജുകൾ ഏറ്റെടുത്ത് സുവിശേഷ വേല ചെയ്യുവാൻ സാധിച്ചാൽ വളരെ അഭികാമ്യമായിരിക്കും. ഈശോയെപ്പറ്റി കേട്ടിട്ടില്ലാത്ത വില്ലേജുകളിൽ അഞ്ചോ പത്തോ സെന്റ് സ്ഥലം കണ്ടെത്തി



Rough.pmd 2 2/16/2019, 3:04 PM

ചെറിയ ഒരു ഭവനമുണ്ടാക്കി സമർപ്പിതർ അവിടെ താമസിച്ച് സാമൂഹ്യപ്രവർത്തന ങ്ങളിലൂടെ സുവിശേഷമറിയിക്കുവാൻ സാധിച്ചാൽ അതും നല്ലതാണ്. ഇങ്ങനെ നേരിട്ടും അല്ലാതെയും രൂപതാതിർത്തി മുഴുവൻ യേശുവിന്റെ സുവിശേഷ സന്ദേശമറിയിക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

2019 ഫെബ്രുവരി 8, 9, 10 എന്നീ ദിവസങ്ങളിൽ രൂപതാതലത്തിൽ നാം ഒരുക്കുന്ന ഫിയാത്ത് കൺവെൻഷൻ നമ്മുടെ വിശ്വാസജീവിതത്തിനു കൂടുതൽ ശക്തി പകരട്ടെ. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

നിങ്ങളുടെ സ്നേഹപിതാവ്
മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

**മോൺ സ്റ്റീഫൻ ആന്റണി തൂത്തുക്കുടി രൂപതയുടെ പുതിയ മെത്രാൻ**



തമിഴ്നാട്ടിലെ തൂത്തുക്കുടി രൂപതയുടെ പുതിയ മെത്രാനായി മോൺ. സ്റ്റീഫൻ ആന്റണി പിള്ളയെ ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ചു. തൃശ്ശിനാപ്പിള്ളി സെന്റ് പോൾസ് സെമിനാരി പ്രൊഫസറും വെല്ലൂർ രൂപതയുടെ ധ്യാനകേന്ദ്രം ഡയറക്ടറുമായി സേവനം ചെയ്തുവരികയായിരുന്നു. നിലവിൽ തൂത്തുക്കുടി മെത്രാനായ ബിഷപ്പ് യൂവൻ അംബ്രോസ് വിരമിക്കുന്ന ഒഴിവിലേക്കാണ് പുതിയ നിയമനം. മെത്രാഭിഷേകം ഫെബ്രുവരി 24 ഞായറാഴ്ച കത്തീഡ്രൽ പള്ളിയിൽ വെച്ച് നടക്കും.

**'ക്ലിക്ക് ടു പ്ലേ' പ്രാർത്ഥനക്കുള്ള ആപ്പുമായി വത്തിക്കാൻ**

ക്ലിക്ക് ടു പ്ലേ - മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നതിനും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും സഹായിക്കുന്ന വത്തിക്കാന്റെ 'ആപ്പ്' മാർപ്പാപ്പ പ്രകാശനം ചെയ്തു. ഈ 'ആപ്പ്' ഉപയോഗിച്ചുകൊണ്ട് ഒരു സമൂഹമായി പ്രാർത്ഥിക്കാൻ സാധിക്കുമെന്ന് പാപ്പ പറഞ്ഞു. www.clicktopray.org എന്ന വെബ്സൈറ്റിലൂടെ മാർപ്പാപ്പയുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവസരമുണ്ട്.



Rough.pmd 3 2/16/2019, 3:04 PM

# സർക്കുലർ

Ref: 3171/K-5/KCBC/OL/DS 20.01.2019

**ഇരുപത്തിയേഴാം ആഗോള രോഗീദിനം - 2019**
**ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം**
***"ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ"***
***(മത്താ 10:8)***

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ - തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ - നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകാര്യ സമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും



Rough.pmd 4 2/16/2019, 3:04 PM

സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹകരണമാർഗ ങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവ സ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോ ഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗ തിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യ ലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്ക ലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും  ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളു ന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനുഷ്യാവതാരത്തിലും പരിശു ദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കുമ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവ ശ്യമായിരിക്കുന്നു. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തര ത്തിൽ മറ്റുള്ളവരുടെ  സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തി കളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടികൾ" എന്ന നില യിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമുള്ളവ രാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീ തരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും. വ്യക്തി പരവും സാമൂഹികവുമായ നന്മ വളർത്താൻ  ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു  അംഗീകരണം നമ്മെ പ്രേരിപ്പി ക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ  മറ്റുള്ള വരുമായുള്ള സഹോദരപരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ  നാം ഭയ പ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീ കരിക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മിലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്.

നമ്മുടെ ദാരിദ്ര്യത്തിൽ അവിടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീതമായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മയത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയപ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ -ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടുകൊണ്ട് അവൾ തല കുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധികാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്തമായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ

പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകും വിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖല ഇതാണ് - രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ - വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും - ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ച

ത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാ തലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോഗ്യസംരക്ഷണകേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പര സ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018

പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ തിരുാൾദിനം

ഫ്രാൻസിസ് പാപ്പ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി- 682 025



Rough.pmd 8 2/16/2019, 3:04 PM

## Abu Dhabi: Pope Francis' Homily at Mass in Zayed Sports City

'Dear brothers and sisters, in the joy of meeting you, this is the word I have come to say to you: blessed!'

Pope Francis on February 5, 2019, celebrated Mass in Zayed Sports City with a crowd estimated at 180,000, mostly expats from some 100 countries. Following is the Holy Father's homily provided by the Vatican.

*Blessed:* this is the word with which Jesus begins his preaching in Matthew's Gospel. And it is the refrain he repeats today, as if to fix in our hearts, more than anything, an essential message: if you are with Jesus, if you love to listen to his word as the disciples of that time did, if you try to live out this word every day, then you are blessed. Not you *will* be blessed, but you *are* blessed; this is the first truth we know about the Christian life. It is not simply a list of external prescriptions to fulfill or a set of teachings to know. The Christian life, first and foremost, is not this; rather, it is the knowledge that, in Jesus, we are the Father's beloved children. The Christian life means living out the joy of this blessedness, wanting to live life as a love story, the story of God's faithful love, he who never abandons us and wishes to be in communion with us always. This is the reason for our joy, a joy that no one in the world and no circumstance in our lives can take from us. It is a joy that gives peace also in the midst of pain, a joy that already makes us participate in that eternal happiness which awaits us. Dear brothers and sisters, in the joy of meeting you, this is the word I have come to say to you: *blessed!*

Even as Jesus calls his own disciples blessed, we are yet struck by the reasons for the individual Beatitudes. We see in them an overturning of that popular thinking, according to which it is the rich and the powerful who are blessed, those who are successful and acclaimed by the crowds. For Jesus, on the other hand, blessed are the poor, the meek, those who remain just even at the cost of appearing in a bad light, those who are persecuted. Who is correct here: Jesus or the world? To understand this, let us look at how Jesus lived: poor in respect to things, but wealthy in love; he healed so many lives but did not spare his own. He came to serve and not to be



Rough.pmd 9 2/16/2019, 3:04 PM

served; he taught us that greatness is not found in having but rather in giving. Just and meek, he did not offer resistance, but allowed himself to be condemned unjustly. In this way, Jesus brought God's love into the world. Only in this way did he defeat death, sin, fear and even worldliness: only by the power of divine love. Let us together ask here today for the grace of rediscovering the attraction of following Jesus, of imitating him, of not seeking anyone else but him and his humble love. For here is the meaning of our life: in communion with him and in our love for others. Do you believe in this?

I have also come to say thank you for the way in which you live the Gospel we heard. People say that the difference between the written Gospel and the lived Gospel is the same difference between written music and performed music. You who are here know the Gospel's tune and you follow its rhythm with enthusiasm. You are a choir composed of numerous nations, languages, and rites; a diversity that the Holy Spirit loves and wants to harmonize evermore, in order to make a symphony. This joyful polyphony of faith is a witness that you give everyone and that builds up the Church. It struck me what Bishop Hinder once said: that he not only feels himself to be your shepherd but that you, by your example, are often shepherds to him. Thank you for that!

To live the life of the blessed and following the way of Jesus does not, however, mean always being cheerful. Someone who is afflicted, who suffers injustice, who does everything he can to be a peacemaker, knows what it means to suffer. It is most certainly not easy for you to live far from home, missing the affection of your loved ones, and perhaps also feeling uncertainty about the future. But the Lord is faithful and does not abandon his people. A story from the life of Saint Anthony the Abbot, the great founder of monasticism in the desert, may be helpful to us. He left everything for the Lord and found himself in the desert. There, for a time, he was immersed in a bitter spiritual struggle that gave him no peace; he was assaulted by doubts and darkness, and even by temptation to give in to nostalgia and regrets about his earlier life. But then, after all this torment the Lord consoled him, and Saint Anthony asked him: "Where were you? Why did you not



Rough.pmd 10 2/16/2019, 3:04 PM

appear before to free me from my suffering? Where were you?" But then he clearly heard Jesus' answer: "I was here, Anthony" (Saint Athanasius, *Vita Antonii*, 10). The Lord is close. It can happen that, when faced with fresh sorrow or a difficult period, we think we are alone, even after all the time we have spent with the Lord. But in those moments, where he might not intervene immediately, he walks at our side. And if we continue to go forward, he will open up a new way for us; for the Lord specializes in doing new things; he can even open paths in the desert (cf. *Is* 43:19).

Dear brothers and sisters, I want to tell you that living out the Beatitudes does not require dramatic gestures. Look at Jesus: he left nothing written, built nothing imposing. And when he told us how to live, he did not ask us to build great works or draw attention to ourselves with extraordinary gestures. He asked us to produce just one work of art, possible for everyone: our own life. The Beatitudes are thus a *roadmap for our life*: they do not require superhuman actions, but rather the imitation of Jesus in our everyday life. They invite us to keep our hearts pure, to practice meekness and justice despite everything, to be merciful to all, to live affliction in union with God. This is the holiness of daily life, one that has no need of miracles or of extraordinary signs. The Beatitudes are not for supermen, but for those who face up to the challenges and trials of each day. Those who live out the Beatitudes according to Jesus are able to cleanse the world. They are like a tree that even in the wasteland absorbs polluted air each day and gives back oxygen. It is my hope that you will be like this, rooted in Christ, in Jesus and ready to do good to those around you. May your communities be oases of peace.

Finally, I would like to consider for a moment two of the Beatitudes. First: "Blessed are the meek" (*Mt* 5:5). Those who attack or overpower others are not blessed, but rather those that uphold Jesus' way of acting, he who saved us, and who was meek even towards his accusers. I like to quote Saint Francis when he gave his brothers instructions about approaching the Saracens and non-Christians. He wrote: "Let them not get into arguments or disagreements, but be subject to every human creature out of love for



Rough.pmd 11 2/16/2019, 3:04 PM

God and let them profess that they are Christians" (*Regula Non Bullata*, XVI). *Neither arguments nor disagreements* – and this also applies to priests – neither arguments nor disagreements: at that time, as many people were setting out, heavily armed, Saint Francis pointed out that Christians set out armed only with their humble faith and concrete love. Meekness is important: if we live in the world according to the ways of God, we will become channels of his presence; otherwise, we will not bear fruit.

Second: "Blessed are the peacemakers" (v. 9). The Christian promotes peace, starting with the community where he or she lives. In the Book of Revelation, among the communities that Jesus himself addresses, there is one, namely Philadelphia, that I think bears a likeness to you. It is a Church which, unlike almost all the others, the Lord does not reproach for anything. Indeed, that Church kept Jesus' word without renouncing his name and persevered, went forward, even in the midst of difficulties. There is also a significant detail: the name Philadelphia means *brotherly love*. Fraternal love. Thus a Church which perseveres in Jesus' word and fraternal love is pleasing to the Lord and bears fruit. I ask for you the grace to preserve peace, unity, to take care of each other, with that beautiful fraternity in which there are no first or second class Christians.

May Jesus, who calls you blessed, give you the grace to go forward without becoming discouraged, abounding in love "to one another and to all" (*1 Thess* 3:12).

© Libreria Editrice Vatican

## സോഷ്യൽ ആക്ഷൻ

സോഷ്യൽ ആക്ഷൻ പ്രോഗ്രാം കോ-ഓർഡിനേറ്ററായി ബഹു. ഫാ. എബിൻ പയ്യപ്പിള്ളി നിയമിക്കപ്പെട്ടു.

റവ. ഫാ. അലക്സ് കല്ലേലി
ഡയറക്ടർ, സോഷ്യൽ ആക്ഷൻ



Rough.pmd 12 2/16/2019, 3:04 PM

Prot. No. 0127/2019

**സീറോമലബാർസഭയുടെ മേജർആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദര ന്മാരേ,

സീറോമലബാർ സഭയുടെ 27-ാമത് സിനഡ് ജനുവരി 7-മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാ വിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേക ത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലയമായ മൗണ്ട് സെന്റ്തോമസിലെ നിത്യാരാധനയിൽ ഈദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാ രോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മകമായ തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരിപരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായ പങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ



Rough.pmd 13 2/16/2019, 3:04 PM

അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണമെന്ന് സിനഡു പിതാക്കന്മാർ ഏകമനസ്സോടെ അഭ്യർത്ഥിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക് എഴുതുന്നത്.

എറണാകുളം - അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണ പിന്തുണ അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ച നടത്തുകയും പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാപൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവനകളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ മലബാർ സഭയിലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയിലുള്ള വാർത്തകൾ ദുരുദ്ദേശപരവും അടിസ്ഥാനരഹിതവുമാണെന്ന് സിനഡ് അറിയിക്കുന്നു.

സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി



Rough.pmd 14 2/16/2019, 3:04 PM

ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്കരാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി.പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2തെസ 2:7) നമ്മുടെ സഭയിൽ വളരാതിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത് ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതിഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകല സീമകളും ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുനഃസ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധി കാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്കനടപടികളെ സഭാവിരുദ്ധഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.

2.സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക-സമർപ്പിത ജീവിതത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കെതിരെയും ശക്തമായ നിയമനടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭ നിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോ മീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാസംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടുകളാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3.ചാനൽചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്തരും രൂപതാധ്യക്ഷന്റെയോ മേജർസുപ്പീരിയറുടെയോ അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളൂ. സഭയുടെയും സഭാതലവന്റെയും പേരിൽ സംസാരിക്കാനും മാധ്യമങ്ങളിൽ

അവരുടെ ഔദ്യോഗിക വക്താക്കളാകാനും സഭാകേന്ദ്രത്തിൽനിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്ന വിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്കട്ടെ. ചാനൽ ചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുംവിധം വിശേഷിപ്പിക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമസംബന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരു മീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4. പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെസംബന്ധിച്ചുള്ള കാനോനിക നിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്ന കാലത്തോളം അവർ സഭയുടെ കാനോനികനിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5.സഭയിലെ ഏതെങ്കിലും ആശയത്തിന്റെ പേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീരമായ സഭയെ മുറിപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശനനടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6. സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കു വേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരു വിധത്തിലും സഹകരിക്കരുതെന്നും സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം

ചില വ്യക്തികൾ സ്വന്തം നിലയിൽ രൂപികരിക്കുന്ന സംഘടന കൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗിക സംഘടനയും പ്രസ്ഥാനവുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയുംവേണം.

തിരുസ്സഭ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ കൂട്ടായ്മ ക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിറുത്താൻ സിനഡ് കൈക്കൊണ്ട ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹാ യുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരു ടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



കർദിനാൾ ജോർജ് ആലഞ്ചേരി

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ജനുവരി മാസം 18 -ാം തീയതി നൽകപ്പെട്ടത്.



Rough.pmd 17 2/16/2019, 3:04 PM

## കച്ചേരികാര്യങ്ങൾ

### I. ഓർമിക്കേണ്ട ദിവസങ്ങൾ

ഫെബ്രുവരി

1 : മാസാദ്യവെള്ളി
2 : ഈശോയുടെ ദേവാലയ സമർപ്പണം
3 : ദനഹാക്കാലം അഞ്ചാം ഞായർ
10 : ദനഹാക്കാലം ആറാം ഞായർ
11 : ലൂർദ്ദ്മാതാവ് (ആഗോള രോഗീദിനം)
11 -13 : മൂന്നുനോമ്പ്
17 : ദനഹാക്കാലം ഏഴാം ഞായർ
24 : ദനഹാക്കാലം എട്ടാം ഞായർ
24 : വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ

II Appointments :

1. Rev. Msgr. Jose Maliekal: Vicar General incharge of Priests and Family Counselling also. Relieved from, incharge of Family Apostolate and Catechism.
2. Rev. Msgr. Varghese Pereppadan: Vicar General incharge of Family Apostolate and Catechism also. Relived from, incharge of Priests.
3. Very Rev. Fr. Anto Karippai: Director of Justice Forum also, Relieved from, Priest incharge of Syro Malabar Catho lics in Vellore Latin Diocese territory.
4. Very Rev. Fr. Jaju Elamkunnapuzha: Member of College of Con sultors and Director of Charismatic Movement of the Diocese also. Relieved from, office of Promoter of Justice.
5. Very Rev. Fr. Jose Pulluparambil: Relieved from, Priest incharge of Syro Malabar faithful in Chingleput Latin Diocese.
6. Very Rev. Fr. Jijo Thundathil: Relieved from, Priest incharge of Syro Malabar faithful in the Pondicherry Archdiocese Territory.



Rough.pmd 18 2/16/2019, 3:04 PM

7. Rev. Fr. Sabu Njarolickal MST: Relieved from, the office of Defender of Bond.

8. Rev. Fr. Joy Arackal CMI: Appointed Defender of Bond and Promoter of Justice of the Eparchial Tribunal also.

9. Rev. Fr. Leslin Cheruparambil: Director, Diocesan Communication Media also.

10. Rev. Fr. Joby Menoth: Relieved from all the offices and responsibilities of the Diocese.

11. Rev. Fr. Ebin Payyappilly : Vicar, St. Jude Syro Malabar Catholic Church, Thiruvotiyur and Chaplain SH Jyoti Bhavan, Thiruvotiyur. Programe Co-ordinator, Social action also.

12. Rev. Fr. Arun Chakkalakkal : PRO of the Diocese also

III. **ഫിയാത്ത് ബൈബിൾ കൺവെൻഷൻ**

ഈ വർഷത്തെ ഹൊസൂർ രൂപതാബൈബിൾ കൺവെൻഷൻ 2019 ഫെബ്രുവരി 8,9,10 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിലായി രാവിലെ 9. 30 മുതൽ വൈകീട്ട് 5. 30 വരെ മുഗപ്പേർ മാർ ഗ്രിഗോറിയോസ് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട ജോയ് ചെമ്പകശ്ശേരിയച്ചൻ കൺവെൻഷനു നേതൃത്വം നല്കുന്നു. എല്ലാ ഇടവകകളിൽ നിന്നും സാധിക്കുന്ന എല്ലാവരെയും കൺവെൻഷനു പങ്കെടുപ്പിക്കാൻ എല്ലാ വികാരിയച്ചന്മാരും സന്യസ്തരും പ്രത്യേകം ശ്രദ്ധിക്കണം. രൂപതാ കൺവെൻഷനു വേണ്ടി പ്രാർത്ഥിക്കാനും മറക്കരുത്.

**IV. വലിയ നോമ്പ്**

മാർച്ച് 3 ഞായർ പാതിരാ മുതൽ അമ്പതുനോമ്പ് ആരംഭിക്കുന്നു. 4 ാം തിയ്യതി വിഭൂതി തിങ്കളാഴ്ച മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക്.

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചല്ലൂസ്



Rough.pmd 19 2/16/2019, 3:04 PM

## ഇടയന്റെ ഇന്നലകൾ

ജനുവരി 5 : അയനാവരം സെന്റ് തോമസ് ഫൊറോനാ ഇടവകാംഗമായ ഡീക്കൻ മനു ആന്റണി കരിങ്ങാട്ടുപറമ്പിൽ വി. സിയുടെ തിരുപ്പട്ട ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

ജനുവരി 7-18 :കാക്കനാട് വെച്ച് നടന്ന സീറോ മലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

ജനുവരി 21-23:മധുരയിൽ വെച്ച് നടന്ന തമിഴ്നാട് ബിഷപ്സ് കോൺഫ്രൻസിൽ പങ്കെടുത്തു.

ജനുവരി 25 : വേപ്പുംപെട്ട് കാർമൽ പബ്ലിക് സ്കൂൾ വാർഷികത്തിന് അദ്ധ്യക്ഷത വഹിച്ചു.

: കോവിൽപതാകൈ സെന്റ് തോമസ് മെട്രിക്കുലേഷൻ സ്കൂൾ വാർഷികത്തിന് പങ്കെടുത്ത് സന്ദേശം നൽകി.

ജനുവരി 26 : ഒട്ടേരി, സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ കുരുക്കഴിക്കുന്ന മാതാവിന്റെ രൂപം വെഞ്ചിരിച്ചു പ്രതിഷ്ഠിച്ചു.

ജനുവരി 27: പെരമ്പൂർ എസ്. ഡി സിസ്റ്റേഴ്സ് നടത്തുന്ന അനുഗ്രഹസദന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകി.

: മുഗപ്പേർ ഹോളി ക്രോസ്സ് ഇടവകദിനാഘോഷത്തിൽ അദ്ധ്യക്ഷത വഹിക്കുകയയും സന്ദേശം നൽകുകയും ചെയ്തു.

: കോടമ്പാക്കം സെന്റ് അൽഫോൻസ ഇടവകദിനാഘോഷത്തിൽ അദ്ധ്യക്ഷത വഹിക്കുകയയും സന്ദേശം നൽകുകയും ചെയ്തു.

## ഇടയന്റെ നാളകൾ

ഫെബ്രുവരി 1-6: സാന്തോം-റോയ്പേട്ട ഇടവകകളിൽ ഭവനസന്ദർശനം

ഫെബ്രുവരി 2 :വത്സരവാക്കം, സെന്റ് ലിറ്റിൽ ഫ്ളവർ ഇടവകദിനാഘോഷം.

:പൊഴിച്ചെല്ലൂർ, സെന്റ് അൽഫോൻസ ഇടവകദിനാഘോഷം

ഫെബ്രുവരി 8-10: ഫിയാത്ത് രൂപതാ ബൈബിൾ കൺവെൻഷൻ

ഫെബ്രുവരി 11-12: നൂത്തഞ്ചേരി കത്തീഡ്രൽ ഇടവകയിൽ ഭവനസന്ദർശനം

ഫെബ്രുവരി14-17: സെന്റ് തോമസ് ചർച്ച്, വെല്ലൂർ ഇടവകയിൽ ഭവന സന്ദർശനം

ഫെബ്രുവരി 18-19: നൂത്തഞ്ചേരി കത്തീഡ്രൽ ഇടവകയിൽ ഭവനസന്ദർശനം

.ഫെബ്രുവരി 21-22: നൂത്തഞ്ചേരി കത്തീഡ്രൽ ഇടവകയിൽ ഭവനസന്ദർശനം

ഫെബ്രുവരി 24-28: ജയനഗർ-ഗൊരിമേട് ഇടവകകളിൽ ഭവനസന്ദർശനം



Rough.pmd 20 2/16/2019, 3:04 PM